"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ഹെൽപർ തസ്തികയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മലപ്പുറം സർക്കാർ കോളേജിൽ നൈറ്റ് വാച്ച്മാനായ ശ്രീ.രതീഷ്.ബി-യ്ക്ക് അന്യത്ര സേവനത്തിനു അനുമതി നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.114/2025/ENVT തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:-

1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10-07-2025 തീയതിയിലെ നം.എ2/14/2021/ കെ.എസ്.ബി.ബി നമ്പർ കത്ത്.
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.11.2024 തീയതിയിലെ DCETVM/9228/2024-C4 നമ്പർ നിരാക്ഷേപ പത്രം.

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ, ഹെൽപർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ അന്യത്ര സേവനം അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മലപ്പുറം സർക്കാർ കോളേജിലെ നൈറ്റ് വാച്ച്മാൻ ശ്രീ.രതീഷ്.ബി. സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിരാക്ഷേപപത്രം സഹിതം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ഹെൽപർ തസ്തികയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മലപ്പുറം സർക്കാർ കോളേജിൽ നൈറ്റ് വാച്ച്മാനായ ശ്രീ.രതീഷ്.ബി.-യ്ക്ക് നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു വർഷക്കാലയളവിലേക്ക് അന്യത്ര സേവനത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീ.രതീഷ്.ബി.-ക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാളുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീറാം സാംബശിവ റാവു ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

3.ശ്രീ.രതീഷ്.ബി, നൈറ്റ് വാച്ച്മാൻ, ഗവണ്മെന്റ് കോളേജ്, മലപ്പുറം (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന).

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള

5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/165/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Nalan A T
Date: 03-11-2025 12:50:23

സെക്ഷൻ ഓഫീസർ